(3) വൈകികിട്ടിയ ഉത്തരങ്ങൾ

സഹകരണ ബാങ്കുകളിൽ പി. എസ്. സി. വഴി നിയമനം നടത്താൻ നടപടി

145 [3671] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ പി. എസ്. സി. വഴി നിയമനം നടത്തുവാൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പി. എസ്. സി. വഴി നിയമനം നടത്തേണ്ട സഹകരണ ബാങ്കുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുള്ള ഒഴിവുകൾ എത്രയുംവേഗം പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ജില്ലാ സഹകരണ ബാങ്കുകൾ, ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ബ്രാഞ്ചു മാനേജർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷനാണ് സ്വീകരിക്കേണ്ടത്.

(ബി) ഉണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന സഹകരണ യൂണിയൻ മാനേജ്മെന്റ് തെരഞ്ഞെടുപ്പ്

146 [3672] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയൻ മാനേജ്മെന്റ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly